**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1874** **29-07-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടിന്റെ വിനിയോഗം കാലാനുസൃതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിന്റെ ഒരു വിഹിതം സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി വിനിയോഗിക്കണമെന്ന് കമ്പനി നിയമം അനുശാസിക്കുന്നുണ്ട്. കമ്പനികളുടെ ഡയറക്ടർ ബോർഡുകളാണ് ഇതിന്മേൽ തീരുമാനം എടുക്കുന്നത്. ഇതനുസരിച്ച് തുടർച്ചയായ മൂന്ന് വർഷക്കാലയളവിലെ അറ്റലാഭത്തിന്റെ ശരാശരിയുടെ കുറഞ്ഞത് 2% എങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി നിർബന്ധമായും നീക്കിവെക്കണമെന്ന് 2013 -ലെ കമ്പനി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അറ്റമൂല്യം 500 കോടി രൂപയ്ക്ക് മുകളിലോ, വിറ്റുവരവ് 1000 കോടി രൂപയ്ക്ക് മുകളിലോ, അറ്റലാഭം 5 കോടി രൂപയ്ക്ക് മുകളിലോ ഉള്ള കമ്പനികളാണ് ഇത്തരത്തിൽ സി.എസ്.ആർ. ഫണ്ട് വിനിയോഗിക്കുന്നത്. മൂന്നോ അതിലധികമോ ഡയറക്ടർമാർ ഉൾപ്പെടുന്ന ബോർഡ് തലത്തിലുള്ള കമ്മിറ്റിയ്ക്കാണ് സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള ചുമതല. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള പദ്ധതി, ഉച്ച ഭക്ഷണ പദ്ധതി, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിലാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കാറുള്ളത്. കൂടാതെ പരിസ്ഥിതി സംരക്ഷണം, വിവിധ എൻ.ജി.ഒ.കളുമായി ചേർന്നുള്ള സാമൂഹിക സുരക്ഷിതത്വ പദ്ധതികൾ, കായിക വികസന പദ്ധതികൾ, പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന സാഹചര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കാറുണ്ട്. കമ്പനീസ് ആക്ടിലെ സി.എസ്.ആർ. ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട ആക്ടിൽ 22.01.2021-ലെ കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം മരുന്നുകൾ, വാക്സിൻ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന കമ്പനികൾക്ക് അവരുടെ സി.എസ്.ആർ. ഫണ്ട് 2020-21 മുതൽ 2022-23 വരെ കോവിഡ്-19-മായി ബന്ധപ്പെട്ട മരുന്നുകളും വാക്സിനും മെഡിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്നതിന് ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ആരോഗ്യ മേഖലയ്ക്കും മാരക രോഗങ്ങൾക്ക് അടിമപ്പെടുന്ന സാധാരണക്കാർക്കും പ്രത്യേക പരിഗണന ലഭിയ്ക്കുന്ന വിധത്തിൽ സി.എസ്.ആർ ഫണ്ടിന്റെ വിനിയോഗം ക്രമീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിന്റെ ഒരു വിഹിതം സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി വിനിയോഗിക്കണമെന്ന് കമ്പനി നിയമം അനുശാസിക്കുന്നുണ്ട്. കമ്പനികളുടെ ഡയറക്ടർ ബോർഡുകളാണ് ഇതിന്മേൽ തീരുമാനം എടുക്കുന്നത്. ഇതനുസരിച്ച് തുടർച്ചയായ മൂന്ന് വർഷക്കാലയളവിലെ അറ്റലാഭത്തിന്റെ ശരാശരിയുടെ കുറഞ്ഞത് 2% എങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി നിർബന്ധമായും നീക്കിവെക്കണമെന്ന് 2013 -ലെ കമ്പനി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അറ്റമൂല്യം 500 കോടി രൂപയ്ക്ക് മുകളിലോ, വിറ്റുവരവ് 1000 കോടി രൂപയ്ക്ക് മുകളിലോ, അറ്റലാഭം 5 കോടി രൂപയ്ക്ക് മുകളിലോ ഉള്ള കമ്പനികളാണ് ഇത്തരത്തിൽ സി.എസ്.ആർ. ഫണ്ട് വിനിയോഗിക്കുന്നത്. മൂന്നോ അതിലധികമോ ഡയറക്ടർമാർ ഉൾപ്പെടുന്ന ബോർഡ് തലത്തിലുള്ള കമ്മിറ്റിയ്ക്കാണ് സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള ചുമതല. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള പദ്ധതി, ഉച്ച ഭക്ഷണ പദ്ധതി, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിലാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കാറുള്ളത്. കൂടാതെ പരിസ്ഥിതി സംരക്ഷണം, വിവിധ എൻ.ജി.ഒ.കളുമായി ചേർന്നുള്ള സാമൂഹിക സുരക്ഷിതത്വ പദ്ധതികൾ, കായിക വികസന പദ്ധതികൾ, പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന സാഹചര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കാറുണ്ട്. കമ്പനീസ് ആക്ടിലെ സി.എസ്.ആർ. ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട ആക്ടിൽ 22.01.2021-ലെ കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം മരുന്നുകൾ, വാക്സിൻ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന കമ്പനികൾക്ക് അവരുടെ സി.എസ്.ആർ. ഫണ്ട് 2020-21 മുതൽ 2022-23 വരെ കോവിഡ്-19-മായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട മരുന്നുകളും വാക്സിനും മെഡിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്നതിന് ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ